*Malappuram District Police*

**22.06.2017 മലപ്പുറം**

വയോധികയെ മാനഭംഗപ്പെടുത്തിയ കേസിൽ മുഖ്യപ്രതി മലപ്പുറം പടിഞ്ഞാറ്റുംമുറി ചാത്തൻകാട്ടിൽ ഹൌസിൽ ഇബ്രാഹിമിനെ(31) ബെംഗളൂരു ശിവാജി നഗറിലെ രഹസ്യ കേന്ദ്രത്തിൽനിന്നു പ്രത്യേക അന്വേഷണ സംഘം പിടികൂടി. മേയ് 11 നാണ് കേസിനാസ്പദമായ സംഭവം നടന്നത്. തനിച്ച് താമസിച്ചിരുന്ന വയോധിക മദ്യപിച്ചെത്തിയ പ്രതികൾ ഉപദ്രവിച്ചെന്നാണു പരാതി. സംഭവശേഷം ഒളിവിൽ പോയ രണ്ടാം പ്രതി വിനോദിനെ കഴിഞ്ഞയാഴ്ച കോടതി പരിസരത്തുനിന്നു പ്രത്യേക അന്വേഷണസംഘം പിടികൂടിയിരുന്നു. ഇവർക്ക് ഒളിച്ചുതാമസിക്കാൻ സൗകര്യം ചെയ്തുകൊടുത്ത വിനോദിന്റെ ഭാര്യാപിതാവിനേയും ഇടുക്കി സ്വദേശികളായ മറ്റു മൂന്നു പേരെയും നേരത്തെ അറസ്റ്റു ചെയ്തിരുന്നു. ഒളിവിൽ താമസിക്കുന്നതിനിടെ ഇരു പ്രതികളും തമ്മിൽ തെറ്റിപ്പിരിഞ്ഞു. ഇബ്രാഹിം ബെംഗളൂരുവിലെ ശിവാജി നഗറിലേക്ക് പോയി. അവിടെ മൊബൈൽ ഫോൺ ഉപയോഗിക്കാതെ ഒളിച്ചു താമസിക്കുകയുമായിരുന്നു. ലോഡ്ജിൽ മുറിയെടുത്താൽ പിടിക്കപ്പെടുമെന്ന് മനസ്സിലാക്കിയ പ്രതി അവിടെ കോർപറേഷനിൽ പണിയെടുത്തിരുന്ന തമിഴ്നാട് സ്വദേശികളോടൊപ്പം കട വരാന്തകളിലാണ് കിടന്നിരുന്നത്. പ്രത്യേക അന്വേഷണ സംഘം ഒരാഴ്ചയോളം സ്ഥലത്ത് താമസിച്ചാണ് പ്രതിയെ പിടികൂടിയത്. പിടിയിലായ പ്രതിയെ കോടതിയിൽ ഹാജരാക്കി.